# മേഖല:
# ഭാഷ—മലയാളം- std I-IV

## ആമുഖം

**ഉപമേഖല : ലേഖനത്തിലെ ഭാഷയുടെ അവ്യക്തത**
ഭാഷയിലെ പ്രധാന വ്യവഹാരരൂപങ്ങളാണ് ഭാഷണം, വായന, ലേഖനം. പഠിതാവിന്റെ ആശയം മറ്റുള്ള വരറിയുന്നത് ഭാഷണത്തിലൂടെയും ലേഖനത്തിലൂടെയുമാണ്. സ്വന്തമായി ആശയമുണ്ടായിട്ടും. അക്ഷരവും ചിഹ്നവും ഉണ്ടായിട്ടും സ്വന്തം ആശയം പ്രകടിപ്പിക്കാൻ കഴിയാത്ത് നല്ല ഭാഷ സ്വായത്തമല്ലാത്തതാണ്. നല്ല ഭാഷ സ്വായത്തമാക്കാൻ വേണ്ട പ്രവർത്തനങ്ങൾ നൽകി ഇത്തരം കുട്ടികളെ നല്ല ലേഖനത്തിൽ എത്തിക്കേണ്ടതാണ്.

**പ്രശ്ന വിശകലനം:-**

- നല്ല ഭാഷ കേൾക്കാൻ അവസരങ്ങൾ കുറവ്.
- തന്റെ ആശയങ്ങള പ്രകടിപ്പിക്കാൻ അവസരം ഇല്ല.
- വീട്ടിലും വിദ്യാലയത്തിലും കേൾക്കുന്ന ഭാഷയുടെ അപര്യാപ്തത.
- പ്രവർത്തനങ്ങളിലൂടെ അഭാവം.

**പരിഹാരം നിർദ്ദേശങ്ങൾ :-**

- വിട്ടീലും വിദ്യാലയത്തിലും നല്ല ഭാഷകേൾക്കാൻ അവസരം നൽകൽ.
- സ്വന്തമായി ആശയം പ്രകടിപ്പിക്കാനുള്ള അവസരം അത്തരം കുട്ടികൾക്ക് ധാരാളം നൽകാൻ.
- കഥാപുസ്തകങ്ങൾ വായിക്കാൻ അവസരം നൽകൽ.
- സ്വതന്ത്ര രചനകൾ ഏർപ്പെടൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം. | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലേഖനത്തിന് ഉപയോഗിക്കുന്ന ഭാഷയുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ. | 1 ഗുണപാഠകഥകൾ-video<br>2. വാർത്തകൾ- "<br>3. കവിതകൾ – "<br>4. നല്ല ഡയറി. വായന<br>5. കഥാകഥനം<br>6. ദൈനംദിന കാര്യങ്ങള പറയൽ<br>7. സംഭാഷണം – ടീച്ചറും കുട്ടികളും<br>8. ചിത്രം നോക്കി കഥപറയൽ<br>9. കഥ – വായന<br>10. ചിത്രം നോക്കി കഥ എഴുതൽ<br>11. കഥ പൂർത്തിയാക്കൽ<br>12. ഡയറി – എഴുതൽ.<br>13. സൃഷ്ടികൾ. | 1 വർഷം | Class teacher<br>Parents | 500<br>500 |

# മേഖല:
# ഭാഷാപഠനം

## ഉപമേഖല: ഭാഷാപരമായ പിന്നോക്കാവസ്ഥ

**ആമുഖം.**

വ്യത്യസ്ത സാമൂഹ്യ സാമ്പത്തിക പാശ്ചാത്തലവും വ്യത്യസ്ത മാനസികവും ബൗദ്ധികവുമായ കഴിവുകളുള്ളവരുമായ കുട്ടികളാണ് നമ്മുടെ ക്ലാസുകളിലുള്ളത്. അവരെ അവരവരുടെ കഴിവിനനുസരിച്ച് അവർക്ക് വേണ്ട വിധത്തിൽ പഠനബോധന പ്രവർത്തനങ്ങള ആസൂത്രണം ചെയ്യേണ്ടത് ഓരോ അധ്യാപകന്റെയും കടമയാണ്

ഭാഷയിൽ പിന്നോക്കാവസ്ഥ നേരിടുന്നകുട്ടികൾക്ക് അവർക്ക് യോജിച്ച പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ വേണ്ടി ഞങ്ങൾ 'കൈത്താങ്ങ്'' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നു. 3,4,5 ക്ലാസിലെ കുട്ടികളെ കേന്ദ്രീകരിച്ചാണ് ഇത് നടപ്പാക്കിയത്.

**ലക്ഷ്യം:—**

രണ്ട്, മൂന്ന്, നാല് ക്ലാസിലെ കുട്ടികളിൽ ഭാഷാപരമായ ശേഷികൾ വികസിപ്പിക്കുന്നതിന് ആവശ്യമായ പഠനതന്ത്രങ്ങൾ ഫലപ്രദമായ രീതിയിൽ ആവിഷ്കരിക്കുക.

**പ്രശ്ന വിശകലനം :-**

കുട്ടി :- മുൻക്ലാസുകളിൽ നിന്ന് നേടേണ്ട ശേഷികൾ നേടിയിട്ടില്ല. അധ്യാപകർ :

ഭാഷാപരമായ പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് യോജിച്ച രീതിയിൽ പഠനബോധനതന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിൽ വന്ന പാളിച്ച.

രക്ഷിതാവ് :— കുട്ടിക്ക് യോജിച്ച് പഠനാന്തരീക്ഷം നൽകുന്നതിൽ അപര്യാപ്തത.

രക്ഷിതാവിന്റെ അറിവില്ലായ്മ,

കുട്ടിക്ക് വേണ്ടത്ര അംഗീകാരം ലഭിക്കാത്ത അവസ്ഥ.

**പ്രശ്നപരിഹാരം :-**

—കുട്ടിയുടെ നിലവാരത്തിനനുസരിച്ച് വ്യത്യസ്തങ്ങളായ പഠനതന്ത്രങ്ങൾ ആവിഷ്കരിക്കുന്നു.

—നല്ല പഠനാന്തരീക്ഷം വീടുകളിലും വിദ്യാലയങ്ങളിലും ഒരിക്കൽ.

—വിവിധ പദകേളികളിൽ ഏർപ്പെടാൻ അവസരം നൽകൽ.

—പഠനത്തിൽ കൂടുതൽ താൽപര്യം ജനിപ്പിക്കുന്ന തരത്തിൽ ക്ലാസന്തരീക്ഷം ഒരുക്കൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം/കാലം | സാമ്പത്തിക വിശകലനം | പിന്തുണ |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ-ടെസ്റ്റ്<br>2. നിലവാരത്തിനനുസരിച്ച് തിരിക്കാൽ<br>3. രക്ഷിതാക്കളുടെ യോഗം.<br>4. ഫയൽ. നോട്ട്ബുക്ക് വിതരണം<br>5. ചിത്രം-പദമെഴുത്ത്<br>6. വരച്ച് ചേർക്കൽ<br>8. വാക്യം-പൂർത്തീയാക്കൽ<br>9. ചിഹ്നം ചേർക്കൽ.<br>10. അക്ഷരക്കാർഡുകൾ<br>11. വാക്യനിർമ്മാണം.<br>12. കഥാപൂരണം.<br>13. ചിത്രകഥ.<br>14. കവിതാ പൂരണം<br>15. പദസൂര്യൻ<br>16. പദകേളികൾ.<br>17. ഡയറി.<br>18. വിവരണം. | ജൂൺ<br>ആദ്യവാരം<br>ജൂൺ<br>അവസാര<br>വാരം<br>ജൂലായ്<br>ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഓക്ടോബർ<br>നവംബർ<br>ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി | 1000<br>2000<br>500<br>1000<br>1000 | അധ്യാപകൻ<br>രക്ഷിതാവ്<br>ബി.ആർ.സി<br>എസ്.<br>ആർ.എസ് |

# മേഖല:
# അക്കാദമികം

## ഉപ മേഖല: ഇംഗ്ലീഷ് ഭാഷാപഠനം

**ആമുഖം**

ഔപചാരിക വിദ്യാഭ്യാസത്തിന്റെ ആദ്യഘട്ടമായ ഒന്നാം ക്ലാസ് ഏതൊരു വിദ്യാർത്ഥിയെ സംമ്പന്ധിച്ചും പ്രധാനപ്പെട്ടതാണ് വിദ്യാലയ പ്രവേശനം വരെ കുട്ടി നേടിയ അനുഭവങ്ങളുടെ തുടർച്ച എന്ന നിലയിൽ സ്വഭാവികമായി പഠനപ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ കുട്ടിക്ക് സാധിക്കണം. എന്നാൽ 1-ാം ക്ലാസിലെ കുട്ടിയുടെ മുമ്പിൽ ഇംഗ്ലീഷ് ഭാഷ ഒരു പുതിയ ഭാഷയാണ്. അതിനാൽ തന്നെ ഇംഗ്ലീഷ് ഭാഷയിൽ താൽപര്യം ഉണർത്തുന്ന രീതിയൽ ശിശുകേന്ദ്രീകൃതമായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഭാഷ ആർജിക്കാനും ആശയവിനിമയം നടത്താനുമുള്ള ജൻമിസിദ്ധമായ കഴിവ് മനുഷ്യനുണ്ട്. അതിനു വേണ്ട ആദ്യചുവടുകൾ തുടങ്ങേണ്ടത് 1,2 ക്ലാസുകളിൽ നിന്നാണ്.

**ലക്ഷ്യം**

1,2 ക്ലാസുകളിലെ കുട്ടികളിൽ ഇംഗ്ലീഷ് അക്ഷരങ്ങൾ തിരിച്ചറിയുന്നതിനും പദശേഖരം വികസിപ്പിക്കുന്നതിനും.

**പ്രശ്നവിശകലനം.**

1,2 ക്ലാസുകളിലെ കുട്ടികളിൽ ഇംഗ്ലീഷ് അക്ഷരങ്ങൾ തിരിച്ചറിയാത്തതും മാറിപ്പോകുന്നതുമായ പ്രശ്നം കാണുന്നു.

**കാരണങ്ങൾ.**

കുട്ടി – കുട്ടിയുടെ മുമ്പിൽ ഇംഗ്ലീഷ് എന്നത് പുതിയ ഭാഷയാണ്.

ടീച്ചർ – വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയുന്നില്ല.

രക്ഷിതാവ് – രക്ഷിതാവിന് ഇംഗ്ലീഷ് ഭാഷയിൽ കുട്ടിയെ സഹായിക്കാൻ കഴിയുന്നില്ല. ഇംഗ്ലീഷ് ഭാഷയിലുള്ള അറിവ് കുറവ്.

സംവിധാനം – സമയംക്കുറവ്.

**പരിഹാര നിർദ്ദേശങ്ങൾ.**

–ഇംഗ്ലീഷ് അക്ഷരലോകത്തേക്ക് വരാനുള്ള താൽപര്യം കുട്ടികളിൽ ഉണ്ടാക്കുക

–അധ്യാപിക നടത്തുന്ന പ്രവർത്തനങ്ങൾ സി.പി.ടി.എ യിൽ അവതരിപ്പിച്ച് രക്ഷിതാവിന്റെയും പങ്കാളിത്തം ഉറപ്പുവരുത്തുക.

| Programme | Activities | Duration | ചുമതല | ഏജൻസി | സാമ്പത്തികം |
|---|---|---|---|---|---|
| 1,2, ക്ലാസ്സിലെ കുട്ടികളിൽ ഇംഗ്ലീഷ് അക്ഷരങ്ങൾ തിരിച്ചറിയുന്നതിനും പദശേഖരം വികസിപ്പിക്കുന്നതിനും. | • അക്ഷരക്കാർഡ് കളി<br>• അക്ഷര ബോർഡ്<br>• Matching Letters<br>• Word Game<br>• Picture Cards<br>• Missing Letters<br>• Making Wlords.<br>• Videos. ICT | One Year June to March | English Teacher I & II | PTA<br>BRC | 500<br>500 |

ഉപമേഖല = ഇംഗ്ലീഷ് ഭാഷാപഠനം std III & IV

| Programme | Activities | Duration | ചുമതല | ഏജൻസി | സാമ്പത്തികം |
|---|---|---|---|---|---|
| 3,4 ക്ലാസുകളിലെ കുട്ടികളിലെ ഇംഗ്ലീഷ് ലേഖനത്തിലുള്ള കഴിവ് വികസിപ്പിക്കൽ. | • Spelling Cards<br>• Word Cards<br>• Word Game<br>• Making Signboards<br>• Composition<br>• Conversation<br>• Thoughts<br>• Story making<br>• Adding lines<br>• Introduction Tense forms<br>• English library<br>• English Magazine<br>• Videos ICT | One year June to March | English Teacher I & II | PTA<br>BRC | 500<br>1000 |

# മേഖല:
# അക്കാദമികം

## ഉപമേഖല : ഗണിതപഠനം

**ആമുഖം**

കുട്ടികളുടെ ഗണിതശേഷികൾ വികസിപ്പിക്കലാണ് ഗണിതവിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. എല്ലാ കുട്ടികളെയും ഗണിതപഠനത്തിൽ താൽപ്പര്യമുള്ളവരാക്കാൻ നമുക്ക് കഴിയണം. ഗണിതമെന്നാൽ സൂത്രവാക്യങ്ങളും യാന്ത്രികനടപടി ക്രമങ്ങളുമല്ല എന്ന തിരിച്ചറിവുണ്ടാകണം. ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്ന തരത്തിൽ കുട്ടികളിൽ അടിസ്ഥാനപരമായ ഗണിത ശേഷികൾ നേടാനുള്ള കഴിവ് വളർത്തിയെടുക്കേണ്ടതുണ്ട്. ഗണിതപഠനം രസകരമാക്കുന്നതിലൂടെ കൃത്യതയും സൂക്ഷ്മതയും ആർജ്ജിച്ചെടുക്കാനും സാധിക്കണം.

**ലക്ഷ്യങ്ങൾ.**

—ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മറ്റു വിഷയങ്ങളുടെ പഠനത്തെ സഹായിക്കുന്ന ഗണിതശേഷികൾ നേടുന്നതിനും കഴിവ് വളർത്തുക.

—ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുക.

—കൃത്യതയോടെയും സൂക്ഷ്മതയോടെയും കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസിലാക്കുന്നതിനും ഉള്ള ശേഷി വികസിപ്പിക്കുക.

**ഗണിത പഠനം — പ്രശ്നങ്ങൾ**

**അക്കാദമികം.**

മൂന്ന്, നാല് ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.

—കുട്ടികൾക്ക് മുൻക്ലാസുകളിലെ അടിസ്ഥാന ആശയങ്ങൾ ധാരണയില്ല.

—പഠനോപകരണങ്ങൾ സ്വയം തയ്യാറാക്കുന്നതിൽ ധാരണക്കുറവ്.

**ഭൗതികം**

—ഗണിതലാബിന്റെ അഭാവം.

—ലൈബ്രറി ഫലപ്രദമല്ല.

**സാമൂഹികം**

സമൂഹത്തിലെ ഗണിതവൈദഗ്ധ്യം ഫലപ്രദമായി സ്കൂളിൽ ഉപയോഗിക്കാൻ കഴിയുന്നില്ല.

| കാരണങ്ങൾ | പരിഹാരനിർദേശം | പ്രവർത്തനം |
|---|---|---|
| ികൾ.<br>അടിസ്ഥാന ആശയങ്ങളിൽ ഉള്ള<br>രണക്കുറവ് കാരണം താൽപര്യമി<br>തെയാണ് കണക്ക് ക്ലാസുകളിൽ<br>ിക്കുന്നത്. ശരിയായ രീതിയിൽ<br>സിലാകുന്നില്ല.<br>ഗണിതം ബുദ്ധിമുട്ടാണ് എന്ന 'മുൻവി<br>'യോടെ സമീപിക്കുന്നു.<br>പഠിക്കുന്ന ആശയങ്ങൾ നിത്യ ജീവിത<br>മായി ബന്ധപ്പെടുത്താൻ കഴിയുന്നില്ല.<br>സ്വയം പഠനം, സഹപഠനം, സംഘ<br>പഠനം, എന്നിവയിൽ താൽപ്പര്യമില്ല. | Pre Test നടത്തി നില നിർണയിക്കൽ<br>—1 മുതൽ 4 വരെ ക്ലാസിലെ അടിസ്ഥാന ശേഷികൾ ഉറപ്പിക്കൽ.<br>—എല്ലാ കുട്ടികളെയും പരിഗണിച്ച് പാഠഭാഗങ്ങൾ ആസൂത്രണം ചെയ്യൽ.<br>—പഠനോപകരണശില്പശാല നടത്താൻ<br>—ഗണിതക്ലബ് പ്രവർത്തനങ്ങൾ സജീവമാക്കൽ.<br>—ഗണിതാശയങ്ങള നിത്യജീവിതസന്ദർഭങ്ങളുമായി ബന്ധപ്പെടുത്തൽ.<br>—പിയർ ഗ്രൂപ്പ് പഠനം ഫലപ്രദമാക്കൽ.<br>—ഗണിതലാബ് സജ്ജീകരിക്കൽ, | Pre-test<br>—1 മുതൽ 4 വരെയുള്ള അടിസ്ഥാന ശേഷികൾ പട്ടികപ്പെടുത്തി പ്രവർത്തനാസൂത്രണം<br>—ഗണിതക്ലബ്ബ് പ്രവർത്തനങ്ങൾ സമയബന്ധിതമാക്കൽ.<br>—ക്ലാസുകളിൽ TB ഇൻസ്ട്രുമെന്റ് ബോക്സ് എന്നീപഠനോപകരണങ്ങൾ ലഭ്യമാക്കൽ. |
| അധ്യാപകർ.<br>—എല്ലാ കുട്ടികൾക്കും താൽപര്യമുണ്ടാകുന്ന രീതിയിൽ ക്ലാസുകൾ മുന്നോട്ടു കൊണ്ടു പോകാൻ കഴിയുന്നില്ല.<br>—പ്രവർത്തനങ്ങളിൽ വൈവിധ്യം പുലർത്താൻ കഴിയുന്നില്ല.<br>—പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്താലും വിനിമയത്തിനുള്ള സമയക്കുറവ്.<br>—പഠനോപകരണങ്ങൾ നിർമിക്കുന്നതിനുള്ള ധാരണക്കുറവ്, സമയക്കുറവ്.<br>—ICT അധിഷ്ഠിത പരിശീലനം കിട്ടുന്നില്ല.<br>—പരീക്ഷാധിഷ്ഠിതമായി ടെക്സ്റ്റ് ബുക്ക് ആശയങ്ങളെ സമീപിക്കുമ്പോൾ ആശയങ്ങൾ ഉറപ്പിക്കാതെ അടുത്തതിലേക്ക് പോകേണ്ട അവസ്ഥ.<br>—അധ്യാപകർക്ക് മറ്റു പല പ്രവർത്തനങ്ങളും (മേളകളുടെയും മറ്റുമുള്ള ഉത്തരവാദിത്വങ്ങൾ) ചെയ്യേണ്ടിവരുന്നത് അധ്യായനത്തെ ബാധിക്കുന്നു. | ലൈബ്രറിയിൽ ഗണിതവുമായി ബന്ധപ്പെട്ട പുസ്തകങ്ങള ശേഖരിക്കൽ, ലഭ്യമാക്കൽ.<br>പഠനോപകരണശില്പശാല സംഘടിപ്പിക്കൽ.<br>അധ്യാപകർക്ക് ICT പരിശീലനം.<br>മേളകൾ ഒഴിവു ദിവസത്തേക്ക് മാറ്റുക.<br>പ്രവർത്തനം<br><br>അധ്യാപകർക്ക് പാഠഭാഗവുമായി ബന്ധപ്പെടുത്തി ICT അധിഷ്ഠിത പരിശീലനം നൽകൽ.<br>സമയബന്ധിത CPTA<br>പഠനനേട്ടം പഠനനില ബോധ്യപ്പെടുത്തൽ. | ക്ലാസ് റൂം ഹൈടെക്ക് ആക്കൽ<br><br>അദ്ധ്യാപകർക്ക് പാഠവുമായി ബന്ധപ്പെട്ട് ICT അധിഷ്ഠിത പരിശീലനം നൽകുക. |

| കാരണങ്ങൾ | പരിഹാരനിർദേശം | പ്രവർത്തനം |
|---|---|---|
| **രക്ഷിതാക്കൾ**<br>-എല്ലാവീട്ടുകളിലും പഠനാന്തരീക്ഷം ഉറപ്പാക്കുന്നില്ല.<br>—രക്ഷാകർത്താക്കൾ സ്കൂളിമായി വേണ്ടത്ര ബന്ധപ്പെടുന്നില്ല.<br>—പഠനനിലവാരം വിലയിരുത്തുന്നില്ല. | CPTAയിൽ കുട്ടികളുടെ പഠനാവസ്ഥ ബോധ്യപ്പെടുത്തൽ. പരിഹാരബോധനം ചിട്ടപ്പെടുത്തൽ.<br>വീട്ടുകളിലെ പഠനാന്തരീക്ഷം മെച്ചപ്പെടുത്താനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യൽ. | സമയ ബന്ധിത CTPA<br><br>പഠന നേട്ടം പഠനനില ബോധ്യപ്പെടുത്തൽ |
| **സംവിധാനം:**<br>—ആശയങ്ങൾ കൃത്യമായി വിനിമയം ചെയ്യാനുള്ള സമയക്കുറവ്.<br>—പ്രവർത്തനങ്ങളുടെ ബാഹുല്യം അധ്യായന സമയത്തെ ബാധിക്കുന്നു.<br>—പരിശീലനങ്ങൾ ഗുണമേന്മയുള്ളതാവുന്നില്ല. | | ഗുണമേന്മയുള്ള പരിശീലനങ്ങൾ |

# പരിഹാരപ്രവർത്തനം – വിശദാംശങ്ങൾ

എല്ലാ കുട്ടികൾക്കും പഠനത്തിൽ പങ്കളിത്തവും പഠനനേട്ടവും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്യുന്നത്. ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുക. നിലനിൽക്കുന്ന പ്രശ്നങ്ങള പരിഹരിക്കാനുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്യേണ്ടത്.

**1 പ്രി– ടെസ്റ്റ്**

5,6,7 ക്ലാസുകളിലെ കുട്ടികളുടെ പടനനിലതിരിച്ചറിയാനായി ജൂൺമാസത്തിൽ നടത്തുന്ന പ്രവർത്തനം. കുട്ടികളുടെ പഠനപ്രശ്നങ്ങൾ കണ്ടെത്തി SRG, CPTA എന്നിവിടങ്ങളിൽ അവതരിപ്പിച്ച് ബോധ്യപ്പെടുത്തുന്നു.

**2. പരിഹാരബോധനം.**

പഠനപിന്നാക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പഠനപ്രവർത്തനങ്ങൾ നൽകി അടിസ്ഥാനശേഷി വികസിപ്പിക്കാനുള്ള പദ്ധതി.

**3. പിയർ ഗ്രൂപ്പ് പഠനം.**

എല്ലാ കുട്ടികളിലും നിർദ്ദിഷ്ട പഠനനേട്ടം ഉറപ്പാക്കുന്നതിന് വിവധ നിലവാരക്കാരായ കുട്ടികളെ ഗ്രൂപ്പ് ആക്കുകയും മികവ് പുലർത്തുന്ന കുട്ടികളുടെ നേതൃത്വത്തിൽ സഹായം ലഭ്യമാക്കുകയും ചെയ്യുക.

**4 പാഠാസൂത്രണം.**

പഠനനേട്ടങ്ങൾ എല്ലാവർക്കും ലഭിക്കാനായി പ്രക്രിയാബന്ധിതവും ICT അധിഷ്ഠിതവുമായ പാഠാസൂത്രണം. ആദ്യഘട്ടതങ്ങളിൽ വ്യക്തിഗതമായി സാധിക്കാത്തതിനാൽ സമീപ സ്കൂളുകളിലെ ഗണിതാധ്യാപകരെ ഉൾപ്പെടുത്തി ഗണിതശില്പശാല നടത്താൽ. BRC, SSG സേവനം ഉപയോഗപ്പെടുത്തുന്നു.

**5 ഗണിതക്ലബ്ബ്**

കുട്ടികളിൽ ഗണിതാഭിമുഖ്യം വളർത്താനും ഗണിതം നിത്യജീവിതവുമായി ബന്ധിപ്പിക്കാനുള്ള

അവസരമുണ്ടാക്കാനുള്ള സംവിധാനമാണ് ഗണിത ക്ലബ്ബ് ദിനാചരണങ്ങൾ, പ്രശ്നോത്തരികൾ എന്നിവ ഇതിന്റെ ഭാഗമായി സംഘടിപ്പിക്കുന്നു. ഗണിതത്തിൽ മികച്ച കുട്ടികളെ കണ്ടെത്താനും ഗണിതശാസ്ത്രമേളയിൽ പങ്കെടുക്കാനുള്ള കുട്ടികളെ കണ്ടെത്താനും കഴിയുന്നു.

**6 പഠനോപകരണശില്പശാല**

ഓരോ യൂണിറ്റിലേക്കും ആവശ്യമായ പഠനോപകണങ്ങൾ കണ്ടെത്തൽ. സാമഗ്രികൾ List ചെയ്യൽ. വിദഗ്ധരെ കണ്ടെത്തൽ ശില്പശാല സംഘടിപ്പിക്കൽ.

**7. ഗണിതപുസ്തകവായന.**

ക്ലാസ് ലൈബ്രറികളിൽ ഗണിത പുസ്തകങ്ങളുടെ ലഭ്യത ഉറപ്പാക്കൽ.

**8. സി.പി.ടി.എ.**

എല്ലാമാസവും കൃത്യമായി സി.പി.ടി.എ. വിളിച്ചുചേർക്കുന്നു. പുരോഗതി പങ്കുവെക്കൽ. അടുത്തമാസത്തെ പഠനനേട്ടം പരിചയപ്പെടുത്തൽ എന്നിവ നടക്കണം.